# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. T 2043 – 11/03/2020 -ലെ മറുപടിക്ക്

### വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി

ചോദ്യം

ശ്രീ.പാറക്കൽ അബ്ദുല്ല

ഉത്തരം

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി മൂന്നാം വർഷത്തിലേക്കടുക്കുമ്പോഴും ഇരുപത്തഞ്ച് ശതമാനം തുക പോലും ചെലവഴിക്കാനാകാത്ത സാഹചര്യമുണ്ടോ; 900 കോടി രൂപ പദ്ധതിക്കായി അനുവദിച്ചതിൽ എത്ര കോടി രൂപയാണ് ഇതിനകം ചെലവഴിച്ചത്; | 2016-17, 2017-18 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതനുസരിച്ചാണ് വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി നടപ്പാക്കി വരുന്നത്. ബാങ്കുകൾ എസ്.എൽ.ബി.സി വഴി സർക്കാരിൽ സമർപ്പിക്കുന്ന ക്ലെയിം തുകകളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ബജറ്റ് ശീർഷകത്തിൽ അധിക ധനാനുമതിയിലൂടെ (Additional Authorization) ആവശ്യമായ തുക വകയിരുത്തിയാണ് പദ്ധതിയിലെ അപേക്ഷകർക്ക് ധനസഹായം വിതരണം ചെയ്യുന്നത്. ഈ പദ്ധതി പ്രകാരം ആകെ 195.57 കോടി രൂപ ഇതുവരെ ധനസഹായമായി വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | സർക്കാരിന്റെ മാനദണ്ഡങ്ങളാണോ പദ്ധതിയിൽ നിന്ന് ഗുണഭോക്താക്കളെ അകറ്റാൻ കാരണം; | 16/05/2017 ലെ സ.ഉ (പി) നം.65/2017/ധന., 12/07/2017 ലെ സ.ഉ (പി) നം.89/2017/ധന., 07/06/2018 ലെ സ.ഉ (പി) നം.85/2018/ധന. എന്നീ ഉത്തരവുകൾ പ്രകാരമാണ് വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി മുഖേന ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. ഈ മാനദണ്ഡങ്ങൾ പാലിക്കുന്ന അർഹരായ അപേക്ഷകർക്ക് ആനുകൂല്യം നൽകുന്നുണ്ട്. |
| (സി) | പ്രൊഫഷണൽ കോഴ്സിനായി വായ്പ എടുത്തവർ കോഴ്സ് കേരളത്തിൽ ചെയ്യണമെന്നും മെരിറ്റിൽ പ്രവേശനം നേടണമെന്നും കോഴ്സ് ഫീസ് സർക്കാർ നിർദ്ദേശിച്ചതിൽ കൂടരുതെന്നും | കേരളത്തിലെ ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കുകൾ, കേരള ഗ്രാമീൺ ബാങ്ക്, കേരള സംസ്ഥാന കോ-ഓപ്പറേറ്റീവ് ബാങ്ക്, കേരള സംസ്ഥാന സഹകരണ കാർഷിക |

| | | |
|---|---|---|
| | മാനദണ്ഡങ്ങളിൽ നിർദ്ദേശമുണ്ടോ; | ഗ്രാമ വികസന ബാങ്ക്, 14 ജില്ലാ സഹകരണ ബാങ്കുകൾ എന്നിവയിൽ നിന്നും വിദ്യാഭ്യാസ വായ്പ എടുത്ത് ഇന്ത്യയിലെ അംഗീകൃത പ്രൊഫഷണൽ/ടെക്നിക്കൽ കോഴ്സുകൾക്ക് പ്രവേശനം നേടിയവർക്കാണ് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നത് |
| (ഡി) | പ്രൊഫഷണൽ കോഴ്സുകൾക്കായി ഭൂരിപക്ഷം വിദ്യാർത്ഥികളും കേരളത്തിന് പുറത്ത് പോകുന്നതും കേരളത്തിൽ പഠിക്കുന്നവരിൽ ഭൂരിപക്ഷവും മാനേജ്മെന്റ് സ്ഥാപനത്തിൽ പഠിക്കുന്നതും പ്രസ്തുത സ്ഥാപനങ്ങളിൽ മെരിറ്റ് സീറ്റിലെ ഫീസിനു മുകളിലായിരിക്കും ഫീസെന്ന കാര്യവും പരിശോധിക്കുകയുണ്ടായോ; | വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് നഴ്സിംഗ് ഇതര പ്രൊഫഷണൽ/ ടെക്നിക്കൽ കോഴ്സുകൾക്ക് മാനേജ്മെന്റ് ക്വാട്ടയിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുകയില്ല. അതേസമയം നഴ്സിംഗ് കോഴ്സുകളിൽ മെരിറ്റ്, മാനേജ്മെന്റ് എന്നീ രണ്ടു വിഭാഗങ്ങളിലും പ്രവേശനം കിട്ടിയവർക്ക് പദ്ധതിയുടെ ആനുകൂല്യത്തിന് അർഹതയുണ്ട്. 16/05/2017 ലെ സ.ഉ (പി) നം.65/2017/ധന., 07/06/2018 ലെ സ.ഉ (പി) നം.85/2018/ധന. എന്നീ ഉത്തരവുകളിലെ നിബന്ധനകൾ പ്രകാരം അംഗീകൃത കോളേജ്, അംഗീകൃത ഫീസ് എന്നീ നിബന്ധനകൾക്ക് പുറമേ മെരിറ്റിൽ അഡ്മിഷൻ ലഭിച്ചതായി കണക്കാക്കുന്നതിന് സർക്കാർ നിരക്കിലുള്ള കുറഞ്ഞ ഫീസിൽ പഠിക്കുകയും ചെയ്യേണ്ടതുണ്ട്. കോളേജിൽ ലഭിച്ച അഡ്മിഷൻ മാർക്കിന്റെ അടിസ്ഥാനത്തിൽ മെരിറ്റിലായിരുന്നാൽ പോലും സർക്കാർ നിരക്കിലെ കുറഞ്ഞ ഫീസിൽ അഡ്മിഷൻ ലഭിച്ചിരുന്നെങ്കിൽ മാത്രമേ വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി പ്രകാരമുള്ള ധനസഹായം ലഭിക്കുന്നതിന് പരിഗണിക്കുകയുള്ളൂ. എന്നാൽ, സർക്കാർ നിയന്ത്രണത്തിലുള്ള IHRD, LBS, CAPE, CCEK, SCT തുടങ്ങിയ സ്ഥാപനങ്ങൾ നടത്തുന്ന സ്വാശ്രയ കോളേജുകളിലെ 50% free-ship സീറ്റുകളിൽ അഡ്മിഷൻ നേടിയവർക്കും സംസ്ഥാനത്തെ സർവ്വകലാശാലകൾ നടത്തുന്ന സ്വാശ്രയ കോളേജുകളിൽ 50% മെരിറ്റ് സീറ്റുകളിൽ |
| (ഇ) | എങ്കിൽ വിദ്യാർത്ഥികൾക്ക് പ്രയോജനകരമായ വിധത്തിൽ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നകാര്യം സർക്കാർ പരിഗണിക്കുമോ? | |

| | | |
|---|---|---|
| | | അഡ്മിഷൻ നേടിയവർക്കും പദ്ധതി സഹായം അനുവദിക്കുന്നുണ്ട്. ഈ മാനദണ്ഡങ്ങളിൽ ഇളവു വരുത്തുന്നത് ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ